നം. CEE/4900/2015/KEAM_2016/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# 2016 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

2016 ലെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക്ലിസ്റ്റുകൾ തയ്യാറാക്കുന്നതിനായി വിദ്യാർത്ഥികൾ അവരുടെ യോഗ്യതാപരീക്ഷയിലെ മാർക്കും NATA സ്കോറും www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനും 'Marks Data Sheet'-ന്റെ പ്രിന്റൗട്ടും മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിനുമുള്ള സമയം **2016 ജൂൺ 13 (തിങ്കളാഴ്ച) വൈകുന്നേരം 5 മണി** വരെയായി ദീർഘിപ്പിച്ചു. 2016–ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ 78168 വിദ്യാർത്ഥികളിൽ 55440 വിദ്യാർത്ഥികൾ മാത്രമാണ് ഇതുവരെ യോഗ്യതാപരീക്ഷയുടെ മാർക്ക് സമർപ്പിച്ചിട്ടുള്ളത്. നിശ്ചിത സമയത്തിനു മുൻപായി ഓൺലൈൻ മാർക്ക് സമർപ്പണം നടത്താത്തവരെയും, അനുബന്ധരേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കാത്തവരെയും ഒരു കാരണവശാലും 2016–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക്ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് :

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**
**Citizen Call centre: 155300, 0471-2115054, 2115098, 2335523**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
10.06.2016